ചുതിയ മറുപടി

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2260 15.07.2011-ന് മറുപടി നൽകിയത്

**കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ**

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
|---|---|
| എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിലേക്ക് നൽകിയ പ്രൊപ്പോസൽ എന്നാണ് റവന്യൂ വകുപ്പിൽ ലഭിച്ചതെന്നും ആയതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;<br>ബി) പ്രസ്തുത ഫയലിൽ തീരുമാനമെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ട റിപ്പോർട്ട് നൽകുന്നതിൽ കാലതാമസമുണ്ടായതായി കരുതുന്നുണ്ടോ ;<br>സി) എങ്കിൽ പ്രസ്തുത കാലതാമസത്തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ? | എ) ബി) & സി) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 21.07.2010-ന് കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽ ലഭിക്കുകയും 30/08/2010-ന് വടകര തഹസിൽദാർക്ക് വിശദമായ അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയച്ചുകൊടുത്തിട്ടുമുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചതു സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കളക്ടറേറ്റിൽ ലഭിച്ച തീയതി | 21/07/2010 | |
| കളക്ടറേറ്റിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ വടകര തഹസിൽദാരോട് റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/08/2010 | 39 |
| പ്രൊപ്പോസൽ വടകര തഹസിൽദാർക്ക് ലഭിച്ച തീയതി | 17/09/2010 | 17 |
| വടകര തഹസിൽദാർ ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് താലൂക്ക് സർവേയർക്ക് നിർദ്ദേശം നല്കിയ തീയതി | 29/09/2010 | 12 |

**റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ 22/01/2011 നകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് എൽ.എ. ഡെപ്യൂട്ടി കളക്ടർ, അർദ്ധ ഔദ്യോഗിക കത്ത് മുഖേന വടകര തഹസിൽദാർക്ക് നിർദ്ദേശം നല്കുകയുണ്ടായി.**

| | | |
|---|---|---|
| വടകര തഹസിൽദാർ കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർക്കും താലൂക്ക് സർവ്വേയർക്കും നിർദ്ദേശം നല്കിയ തീയതി | 18/05/2011 | 138 |
| കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർ വടകര തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ച തീയതി | 19/05/2011 | 0 |
| താലൂക്ക് സർവ്വേയർ വടകര തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ച തീയതി | 21/05/2011 | 1 |
| വടകര തഹസിൽദാർ ജില്ലാ കളക്ടർക്ക് 21/05/2011 ന് സമർപ്പിച്ച റിപ്പോർട്ട് അപൂർണ്ണമായിരുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമി വിശദമായി പരിശോധിച്ച് പുനർ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ട തീയതി | 14/06/2011 | 23 |

| | | |
|---|---|---|
| വടകര തഹസിൽദാർ കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർക്കും താലൂക്ക് സർവ്വേയർക്കും പുനർ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നല്കിയ തീയതി | 27/06/2011 | 12 |
| ഏറ്റെടുക്കുന്ന റോഡിന്റെ സ്കെച്ചും സ്ഥല പരിശോധനയും നടത്തുന്നതിന്, കുറ്റ്യാടി പൊതുമരാമത്ത് വകുപ്പ് റോഡ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി ബന്ധപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓവർസിയർ 05/07/2011 വരെ അവധിയിലായതിനാൽ 06/07/2011 നു പരിശോധന നടത്താമെന്ന് തഹസിൽദാർ അറിയിച്ച തീയതി | 01/07/2011 | 3 |

**തീയതി രേഖപ്പെടുത്താത്ത സ്ഥലപരിശോധന റിപ്പോർട്ടാണ് താലൂക്ക് സർവ്വേയർ സമർപ്പിച്ചിരുന്നതെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്**

| | | |
|---|---|---|
| കായക്കൊടി, കുറ്റ്യാടി വില്ലേജ് ഓഫീസർമാർ വടകര തഹസിൽദാർക്ക് സമർപ്പിച്ച തീയതി | 26/08/2011, 27/08/2011 | 55-56 days |
| വടകര തഹസിൽദാർ കളക്ടറേറ്റിൽ റിപ്പോർട്ട് സമർപ്പിച്ച തീയതി | 04/10/11 | 37 |
| ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ച തീയതി | 20/10/2011 | 15 |

സെക്ഷൻ ഓഫീസർ